**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 733** **14-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ ഭവന രഹിതർക്ക് വീട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. സി . ജോസഫ് | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിനുകീഴിൽ 2016-17, 2017-18, 2018-19, 2019-20 വർഷങ്ങളിൽ എത്ര വീട്ടുകൾ വീതം ഭവന രഹിതർക്ക് നിർമ്മിച്ച് നൽകിയെന്ന് വെളിപ്പെടുത്തുമോ; | (എ) | പട്ടികജാതി വികസന വകുപ്പ് വകുപ്പ് നടപ്പാക്കുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2016-17 വർഷം അനുവദിച്ച 14906 വീട്ടുകളിൽ 12338 വീട്ടുകളും 2017-18 വർഷം അനുവദിച്ച 8895 വീട്ടുകളിൽ 7470 വീട്ടുകളും പൂർത്തീകരിച്ചിട്ടുണ്ട്. പ്രളയത്തിൽ തകർന്ന വീട്ടുകൾ പുനർ നിർമ്മിക്കുന്നതിനായി 2018-19 വർഷം വകുപ്പ് മുഖേന അനുവദിച്ച 170 വീട്ടുകളിൽ 123 വീട്ടുകളും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 വർഷം മുതൽ ലൈഫ് മിഷൻ പദ്ധതി പ്രകാരമാണ് വകുപ്പിൽ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത് 2018-19, 2019-20 വർഷങ്ങളിൽ പുതിയ വീട്ടുകൾ അനുവദിച്ചിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പ് 2016-17 സാമ്പത്തിക വർഷം 6709 വീട്ടുകൾ അനുവദിച്ചതിൽ 1583 വീട്ടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മുൻ വർഷങ്ങളിൽ അനുവദിച്ചതും 31.03.2016 നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12022 വീട്ടുകൾ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ച് കൊണ്ട് 11306 വീട്ടുകൾ ഇതുവരെ പൂർത്തീകരിച്ചു. |
| (ബി) | ലൈഫ് മിഷന്റെ ഭാഗമായിട്ടാണോ ഇവയുടെ നിർമ്മാണം നടത്തിയതെന്നും ഈ കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽനിന്നും ഭവന നിർമ്മാണത്തിനായി എത്ര രൂപ ആകെ അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ? | (ബി) | പട്ടികജാതി വികസന വകുപ്പ് വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരമാണ് മേൽ പരാമർശിച്ചിട്ടുള്ള വീട്ടുകൾ അനുവദിച്ചിട്ടുള്ളത്. ആയത് പ്രകാരം 2016-17 വർഷം 232,35,94,800/- രൂപയും 2017-18 വർഷം 384,36,23,000/- രൂപയും 2018-19 വർഷം 249,28,55,000/- രൂപയും 2019-20 വർഷം 41,54,92,000 രൂപയും ചെലവഴിച്ചിട്ടുണ്ട് പട്ടികവർഗ്ഗ വികസന വകുപ്പ് മുൻവർഷങ്ങളിൽ അനുവദിച്ചതും 31.03.2016 നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12022 വീട്ടുകൾ ലൈഫ് |

| | | | |
|---|---|---|---|
| | | | മിഷൻ പദ്ധതിയിലുൾപ്പെടുത്തി വകുപ്പ് മുഖേന യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ച് വരുന്നു. ആയതിന് പുറമേ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2016-17 സാമ്പത്തിക വർഷം അനുവദിച്ച 6709 വീടുകൾ ഉൾപ്പെടെ ചുവടെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. വർഷം ചെലവഴിച്ച തുക (കോടിയിൽ) 2016-17 46.2936 2017-18 114.82 2018-19 137.85 2019-20 76.09 (നാളിതുവരെ) ആകെ 375.0536 കോടി ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 2018-19 സാമ്പത്തികവർഷം പുതിയ വീട് അനുവദിക്കുന്നതിനായി ലൈഫ് മിഷൻ നടത്തിയ സർവ്വേയിൽ കണ്ടെത്തിയ പട്ടികവർഗ്ഗക്കാരായ 3747 ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ മുഖേന വീട് അനുവദിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷം 64,46,00,000/- രൂപ ലൈഫ് മിഷന് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ